# അജ്മീർ ദർഗ

## അമീർ ഒതുക്കുങ്ങൽ

ഉത്തരേന്ത്യയിലെ രാജസ്ഥാനിൽ സ്ഥിതി ചെയ്യുന്ന അറിയപ്പെട്ടതും അതിഭീകരവുമായ ഒരു ശിർക്കിന്റെ കേന്ദ്രമാണ് അജ്മീറിലെ ഖാജാമുഈനുദ്ദീൻ ചിശ്തിയുടെയും ബന്ധുക്കളുടെയും ദർഗ്ഗകൾ. പക്ഷെ ഇതിന്റെ കെടുതി രാജസ്ഥാനിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മറിച്ച്, ഇന്ത്യയിൽ എവിടെയൊക്കെ അന്ധവിശ്വാസികളും ക്വബ്ർ പൂജകരുമുണ്ടോ അവരുടെയൊക്കെ ആശാകേന്ദ്രവും അവലംബവുമാണ് അജ്മീർ. കേരളത്തിലെ എല്ലാ വിഭാഗം ഖബറാരാധകരും ഒരുപോലെ ആരാധനകൾ അർപ്പിക്കുന്ന, അതിന് വേണ്ടി വിശ്വാസികളെ ആട്ടിത്തെളിച്ച് കൊണ്ട് പോകുന്ന ഒരു സർവ്വസമ്മത ജാറമാണ് അജ്മീറിലുള്ളത്.

രാജസ്ഥാന്റെ തലസ്ഥാനമായ ജെയ്പൂരിന് പടിഞ്ഞാറു ഭാഗത്താണ് അജ്മീർ സ്ഥിതി ചെയ്യുന്നത്. ക്വബ്റാരാധകരായ മുസ്ലിംകളുടെ മാത്രമല്ല, ഹൈന്ദവ ചരിത്രങ്ങളിലെ ഒരു പുണ്യ നഗരം കൂടിയാണ് അജ്മീർ. അജ്മീറിൽ സ്ഥിതി ചെയ്യുന്ന ദർഗ്ഗകളാകട്ടെ മുസ്ലിംകളും ഹിന്ദുക്കളും ഒരു പോലെ ആദരിച്ചാരാധിക്കുന്ന കേന്ദ്രവുമാണ്. എന്നാൽ റസൂലിൽ നിന്നും സ്വഹാബത്തിലൂടെ കൈമാറി വന്ന ഇസ്ലാമുമായോ പുരാണ കെട്ടുകഥകളിൽ അധിഷ്ടിതമായ ഹൈന്ദവ സംസ്കാരങ്ങളുമായോ അജ്മീറിലെ മുഖ്യ ദർഗ്ഗയിൽ അന്ത്യ വിശ്രമം കൊള്ളുന്ന ഖാജാമുഈനുദ്ദീൻ ചിശ്തിക്ക് ബന്ധമൊന്നുമില്ല എന്നതാണ് രസകരം. ഖാജാ മുഈനുദ്ദീന്റെ അടിത്തറയും അടിവേരുകളും ചെന്ന് മുട്ടുന്നത് ശീഈ പാരമ്പര്യത്തിലും പൈതൃകത്തിലുമാണ് എന്ന് ചരിത്രം പറയുന്നു. മുഈനുദ്ദീന്റെ പേരിൽ കേരള മുല്ലമാർ കുത്തിക്കുറിച്ച ജീവ ചരിത്രവും കള്ളക്കറാമത്ത് കഥകളും വായിച്ചാൽ മുത്ത് നബിയോളമോ അതിനേക്കാളുപരിയോ പോരിശമുടയവനായി തോന്നുമെങ്കിലും ഇയാളുടെ യഥാർത്ഥ ചരിത്രം തേടി പുറപ്പെട്ടാൽ ചെന്ന് മുട്ടുക ഇറാനിലും അഹ്ലുസ്സുന്നത്തിന്റെ ശത്രുക്കളായ ശീഇകളിലുമാണ്. മുഈനുദ്ദീന്റെ ശീഈ പാരമ്പര്യവും അനുരാഗവും മനസ്സിലാക്കാൻ അജ്മീർ ദർഗ്ഗയിലും പരിസരത്തും ഒന്ന് കണ്ണോടിച്ചാൽ മതി. അലി, ഫാത്തിമ, ഹസൻ, ഹുസൈൻ (റ), എന്നിവരുടെ പേരുകൾ കൊത്തിവെച്ച ദർഗ്ഗാ പരിസരത്ത് അഹ്ലുസ്സുന്നയുടെ യാതൊരു അടയാളവും കാണുക സാധ്യമല്ല തന്നെ. മാത്രവുമല്ല അജ്മീർ ദർഗ്ഗയുടെ പരിസരത്ത് ദർഗയോട് ബന്ധപ്പെട്ട് നിരവധി ശിയാക്കൾ താമസിക്കുന്നുമുണ്ട്.

ഖാജാമുഈനുദ്ദീൻ ചിശ്തി എന്ന് പിൽകാലത്ത് അറിയപ്പെട്ട അജ്മീർ ഖാജയുടെ യഥാർത്ഥ പേര് ഹസനുബ്നു ഗിയാസുദ്ദീൻ എന്നാണ്. ഇദ്ദേഹം ജനിച്ചതും വളർന്നതും ഇറാനിലെ ഖുറാസാൻ പ്രവിശ്യയിൽ പെടുന്ന സൻജർ എന്ന ഗ്രാമത്തിലാണ്. ആദ്യ ഖലീഫയാകേണ്ടിയിരുന്നത് അലി(റ) ആണെന്നും അബൂബക്കറും ഉമറും അത് തട്ടിയെടുത്തതാണെന്നും ഒന്ന് കൂടി കടന്ന് അലിയായിരുന്നു പ്രവാചകനാകേണ്ടിയിരുന്നത് എന്ന് പോലും വിശ്വസിക്കുന്ന ശിയാക്കളിലെ ഒരു വിഭാഗത്തിലാണ് മുഈനുദ്ദീൻ ജനിച്ചത്. ഇന്ന് മുസ്ലിംലോകം ഐക്യകണ്ഠേന അംഗീകരിക്കുന്ന വിശുദ്ധ ക്വുർആനെ നിഷ്കരുണം നിരാകരിക്കുകയും യഥാർത്ഥ ക്വുർആനിൽ പതിനേഴായിരത്തോളം ആയത്തുകളുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് ശിയാക്കൾ. ഇതിൽ നിന്ന് തന്നെ ശിയാക്കളും ഇസ്ലാമും തമ്മിലുള്ള ബന്ധം ഊഹിക്കാവുന്നതേയുള്ളു.

ഇത്തരം നിരവധി ഇസ്‌ലാമികവിരുദ്ധ വിശ്വാസങ്ങൾ പുലർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ശീഇസത്തിന്റെ ചുറ്റുപാടുകളിൽ ജനിച്ച് വളർന്ന മുഈനുദ്ദീൻ ഈ വിശ്വാസക്കാരനായിരുന്നില്ല എന്നതിന് രേഖകളൊന്നുമില്ല. മുഈനുദ്ദീന്റെ പിതാവ് ശീഈ പണ്ഢിതനായിരുന്ന ഗിയാസുദ്ദീനായിരുന്നു. ശീഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടർന്ന് പോന്നവരായിരുന്നു മുഈനുദ്ദീന്റെ കുടുംബം. മുഈനുദ്ദീന്റെ ജൻമസ്ഥലമായ സൻജർ പണ്ടുമുതലേ ശിയാ–സുന്നീ കലാപങ്ങൾക്ക് പേര് കേട്ട സ്ഥലമായിരുന്നു. ഇത്തരത്തിൽ ഒരു കലാപം നടന്നപ്പോഴാണ് സൻജറിൽ നിന്നും ഖുറാസാനിലേക്ക് മുഈനുദ്ദീന്റെ കുടുംബം താമസം മാറ്റുന്നത്. അത്കൊണ്ട് തന്നെ മുഈനുദ്ദീന്റെ മതപഠനം ആരംഭിച്ചത് ഖുറാസാനിലായിരുന്നു. ഇറാനിലെ ഹാറൂൺ പട്ടണത്തിൽ ജീവിച്ചിരുന്ന ഉസ്മാനുൽ ഹാറൂനി എന്ന ശീഈ പണ്ഢിതനായിരുന്നു മുഈനുദ്ദീന്റെ അദ്ധ്യാത്മിക ഗുരു എന്ന് എല്ലാ ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. പറഞ്ഞ്വരുന്നത്, അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസ ധാരയിലൂടെ വളർന്ന് വരികയും അത് പ്രബോധനം ചെയ്യുകയും അതിന് വേണ്ടി ജീവിതം ഉഴിഞ്ഞ് വെക്കുകയും ചെയ്ത ഒരാളായിരുന്നില്ല ഖാജാമുഈനുദ്ദീനെന്ന് തെളിയിക്കാനാണ്, മറിച്ച്, അഹ്‌ലുസ്സുന്നയുടെ ഖലീഫമാരെയും വിശ്വാസാദർശങ്ങളെയും പരിഹസിക്കുകയും തള്ളിപ്പറയുകയും ചെയ്ത, ഇസ്‌ലാമിക ലോകത്ത് പ്രശ്നങ്ങളുടെ കൂമ്പാരം തന്നെ സൃഷ്ടിച്ച ജൂത സൃഷ്ടിയായ ശീഈ പാരമ്പര്യത്തിലെ ഒരു കണ്ണിയും പ്രചാരകനുമായിരുന്നു മുഈനുദ്ദീൻ.

അറബിക്കഥകളിലെ രാജകുമാരൻമാരെപ്പോലും വെല്ലുന്ന തരത്തിലുള്ള കെട്ടുകഥകളാണ് മുഈനുദ്ദീന്റെ മേൽ ചാർത്തപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളെയും അനുഭവ പാഠങ്ങളെയും അട്ടിമറിക്കുന്ന രീതിയിലാണ് മുഈനുദ്ദീന്റെ ജീവിത ചരിത്രം മുരീദുമാരും മൂടുതാങ്ങികളും അവതരിപ്പിക്കാറുള്ളത്. മുഈനുദ്ദീൻ തന്റെ പ്രബോധന (?) കേന്ദ്രമായി അജ്മീറിനെ തിരഞ്ഞെടുക്കാനുണ്ടായ കാരണം അതിശയോക്തിയും അമ്പരപ്പും തോന്നിക്കുന്ന രീതിയിലാണ് കറാമത്ത് കഥകളിൽ വിവരിച്ചിട്ടുള്ളത്. മുഈനുദ്ദീൻ ഒരിക്കൽ നബി(സ)യുടെ ക്വബ്റ് സിയാറത്തിന് പോയത്രെ. സിയാറത്ത് ചെയ്ത് കൊണ്ടിരിക്കുമ്പോൾ ക്വബ്റിൽ നിന്ന് റസൂൽ(സ) മുഈനുദ്ദീനോട് നേരിട്ട് സംസാരിച്ചുവെന്നാണ് കെട്ടുകഥയുടെ തുടക്കം ''നീ ഇന്ത്യയിലെ അജ്മീറിലേക്ക് പ്രബോധനത്തിന് പോവണമെന്ന് റസൂൽ(സ) ക്വബ്റിൽനിന്ന് മുഈനുദ്ദീനോട് പറഞ്ഞുപോലും. അജ്മീർ എവിടെയാണെന്ന് മനസ്സിലാക്കാൻ റസൂൽ ഭൂപടമടങ്ങുന്ന ഒരു ഗ്ലോബ് പുറത്തേക്ക് നീട്ടിയെന്ന് മൗലിദുകാരൻ വെടിപൊട്ടിക്കുന്നു. കഥ അവിടെയും നിൽക്കുന്നില്ല. ഭൂപടത്തിൽ നോക്കിയിട്ടും അജ്മീർ എവിടെയാണെന്ന് അറിയാതെ വിഷണ്ണനായി നിൽക്കുന്ന മുഈനുദ്ദീന് റസൂൽ(സ) മറുകൈകൊണ്ട് അജ്മീർ തൊട്ടുകാണിച്ചു കൊടുത്തുവെന്നും മൗലിദുകാരൻ തട്ടിവിടുന്നു. പ്രചരിക്കപ്പെടുന്ന കള്ളക്കഥകളെന്തും പ്രമാണമായി അംഗീകരിക്കുന്ന ഖബറാരാധകർക്ക് ഈ കഥയിൽ അസാംഗത്യമൊന്നും തോന്നില്ലെങ്കിലും ഇസ്‌ലാമിക ചരിത്രത്തിലെ റസൂലിന്റെയും സ്വഹാബത്തിന്റെയും ചര്യ പഠിച്ചവർക്ക് ഈ കഥയിലെ സാധുതയും സാധ്യതയും ഉൾക്കൊള്ളാനാവില്ല. മരണപ്പെട്ട റസൂൽ(സ) ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ആളുകളോട് പ്രതികരിച്ചതായോ ആശയ വിനിമയം നടത്തിയതായോ ഉള്ള ഒരു സംഭവം പോലും പ്രമാണങ്ങൾ അപ്പാടെ പരതിയാലും കാണുകയില്ല. അങ്ങനെ ആശയവിനിമയം നടത്തുമായിരുന്നെങ്കിൽ അതിന് ഏറ്റവും അവകാശികൾ റസൂലിന്റെ കൂടെ ജീവിച്ച, റസൂലിന്ന് വേണ്ടി ജീവൻപോലും ത്യജിക്കാൻ തയ്യാറായിരുന്ന മഹാൻമാരായിരുന്ന സ്വഹാബാക്കളായിരുന്നു. ആ സ്വഹാബാക്കൾ റസൂൽ(സ) യുടെ മരണ ശേഷം നിരവധി പ്രതിസന്ധികളിലും പ്രയാസങ്ങളിലും പെട്ടതായി ചരിത്രം വരച്ചുകാണിക്കുന്നു. റസൂലിന്റെ ഒരു വാക്കോ ആംഗ്യമോ ഉണ്ടായിരുന്നുവെങ്കിൽ പരിഹരിക്കാവുന്നതായിരുന്നു പല പ്രശ്നങ്ങളും. റസൂൽ(സ) വഫാതായപ്പോൾ മയ്യിത്ത് എവിടെ ക്വബ്റടക്കും എന്ന ഒരു പ്രശ്നം  സ്വഹാബത്തിനിടയിൽ ഉടലെടുക്കുകയുണ്ടായി. ആ തർക്കം രൂക്ഷമായ ഭിന്നതയുടെ വക്കോളമെത്തി. റസൂൽ(സ)ജനിച്ച മക്കയിൽ ക്വബ്റടക്കണമെന്ന് ഒരു വിഭാഗം  വാദിച്ചപ്പോൾ മരണപ്പെട്ട മദീനയിൽ ക്വബ്റടക്കണമെന്നായിരുന്നു മറുവിഭാഗം വാദിച്ചത്. അത് പോലെതന്നെ റസൂലിന് ശേഷം ഇസ്‌ലാമിക ജനസമൂഹത്തിന് നായകത്വംവഹിക്കേണ്ടത് ആര് എന്ന ചർച്ചയും രൂക്ഷമായ അഭിപ്രായ വ്യത്യാസമുണ്ടാക്കി .ഈ രണ്ട് തർക്കം മൂലം രണ്ട് ദിവസത്തോളം മുത്ത് നബിയുടെ ഭൗതിക ശരീരം മറവ് ചെയ്യാതെ സൂക്ഷിച്ചു. റസൂൽ(സ) ഒന്ന് ആംഗ്യം കാണിച്ചിരുന്നെങ്കിൽ, ഒന്ന് മിണ്ടിയിരുന്നെങ്കിൽ ഞൊടിയിടകൊണ്ട് പരിഹരിക്കാമായിരുന്നു ഈ രണ്ട് പ്രശ്നവും. പക്ഷെ അങ്ങനെ സംഭവിച്ചില്ലെന്ന് മാത്രമല്ല, അത്തരമൊരു പരിഹാരം സ്വഹാബത്ത്

പ്രതീക്ഷിച്ചത് പോലുമില്ല. കാരണം അജ്മീർ ഖോജയെപ്പോലുള്ള സൂഫികളിൽ നിന്നോ അത്തരക്കാരെ പേറിനടക്കുന്ന ഖബറാരാധകരിൽ നിന്നോ മതം പഠിച്ചവരായിരുന്നില്ലല്ലോ സ്വഹാബാകിറാം. അത് കൊണ്ട് തന്നെ ഈ തർക്കങ്ങൾക്ക് പരിഹാരം തേടി ഹദീസിലേക്ക് മടങ്ങുകയും പരിഹാരം കണ്ടെത്തുകയുമായിരുന്നു അവർ ചെയ്തത്. മാത്രമല്ല, ഇരുവിഭാഗം സ്വഹാബികൾ നിസാരമായ ഒരു തെറ്റിദ്ധാരണയുടെ പേരിൽ ജമൽ യുദ്ധം വരെ നടന്ന ഖേദകരമായ ചരിത്രങ്ങളും ഇസ്‌ലാമിന് പറയാനുണ്ട്. അവിടെയും തർക്ക പരിഹാരത്തിനായി റസൂൽ(സ)യുടെ ഇടപെടൽ ഉണ്ടായില്ല. ഇസ്‌ലാമിക ചരിത്രങ്ങളിൽ കഴിഞ്ഞുപോയ ഈ സംഭവവികാസങ്ങൾ വികാരനിർഭരമായി വായിക്കുന്ന ഒരു മുസ്‌ലിമിന് ശീഈ ചിന്താഗതിക്കാരനായ മുഈനുദ്ദീന് മുത്ത്നബി ഖബ്റിൽ നിന്നും ഗ്ലോബ് നീട്ടിയെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ ഇത്തിരി പ്രയാസമുണ്ട്.

ഏതായാലും മുഈനുദ്ദീനും നാൽപ്പതോളം മുരീദുമാരും ഇന്ത്യയിലേക്കു തിരിച്ചതായി ഖുറാഫീചരിത്രം പറയുന്നു. ബുഖാര, സമസ്കസ്, ധിസ്നീൻ, ലാഹോർ, ബൽഖ് തുടങ്ങിയ രാജ്യങ്ങളിലെ പല മക്ബറകളും സന്ദർശിച്ചും അവിടങ്ങളിൽ തമ്പടിച്ചുമാണ് ഈ സംഘം ഡൽഹിയിലെത്തുന്നത്. ഡൽഹിയിൽ നിന്നും പിന്നീട് പല മക്ബറകളും സന്ദർശിച്ചാണ് മുഈനുദ്ദീൻ അജ്മീറിലെത്തുന്നത്. ദർഗകൾക്ക് ചുറ്റും ഭജനമിരിക്കുകയും ദർഗകളിലേക്ക് ഇസ്‌ലാമിനെ ചുരുട്ടിക്കെട്ടുകയും ചെയ്ത് കൊണ്ട് റസൂലിന്റെ മുന്നറിയിപ്പിനെയും താക്കീതിനെയും അവഗണിച്ചവരാണല്ലോ ശിയാക്കൾ, ആ ശിയാക്കളുടെ ചൂടും ചൂരും ഏറ്റ് വളർന്ന മുഈനുദ്ദീനും തന്റെ യാത്രയിൽ ഒരു ദർഗ്ഗപോലും വിടാതെ അവിടങ്ങളിൽ അടയിരുന്നിട്ടുണ്ട്.

അജ്മീറിലെ ഹൈന്ദവ പൂജാകേന്ദ്രമായിരുന്ന അനാസാഗറിനടുത്ത് താവളമടിച്ച മുഈനുദ്ദീനോടും ശിഷ്യൻമാരോടും അവിടത്തെ ഭരണാധികാരിയായിരുന്ന പ്രിഥ്വിരാജും സംഘവും പലതവണ ഏറ്റുമുട്ടിപരാജയപ്പെട്ടതായി ഖുറാഫികൾ എഴുതി വിട്ട ചരിത്രങ്ങളിൽ പറയുന്നു. അനാസാഗർ കുളം അവിടുത്തെ ഹൈന്ദവ പൂജാരിമാർ ഉപയോഗിച്ചു വരുന്നവയായിരുന്നു. മുഈനുദ്ദീന്റെയും സംഘത്തിന്റെയും ഇടപെടൽ മൂലം കുളം അശുദ്ധമായിക്കണ്ട ക്ഷേത്ര പൂജാരിമാർ, അത് കൊണ്ട്തന്നെ ആ കുളത്തിൽ നിന്നും വെള്ളമെടുക്കുന്നതിനെ വിലക്കി. എങ്കിലും വളരെ സൂത്രത്തിൽ മുഈനുദ്ദീന്റെ ഒരു ശിഷ്യൻ കുളത്തിൽ നിന്നും ഒരു കുടം വെള്ളം കൊരിയെടുത്തത്രേ. അതോട്കൂടി കുളത്തിലെ വെള്ളം മുഴുവനും വറ്റിപ്പോയതായി മുഈനുദ്ദീന്റെ കറാമത്തായി ഖുബൂരികൾ പ്രചരിപ്പിക്കുന്നു. പക്ഷെ ഈ കറാമത്ത് പറഞ്ഞ് പറഞ്ഞ് അതിരുവിട്ട ക്രൂരതയായി മാറുന്നുണ്ട്. കാരണം, അനാസാഗറിൽ നിന്ന് വെള്ളം മുക്കിയപ്പോൾ ആ കുളത്തിലെ വെള്ളം മാത്രമല്ല, ആ നാട്ടിലുള്ള മുഴുവൻ കുളങ്ങളിലെയും കിണറുകളിലെയും വെള്ളം വറ്റിപ്പോയത്രെ!. അവിടെയും നിൽക്കുന്നില്ല കറാമത്ത്. ആ രാജ്യത്തെ മുഴുവൻ സ്ത്രീകളുടെയും മുലപ്പാൽ പോലും ഈ കറാമത്ത് മൂലം വറ്റി വരണ്ടത്രെ.! മുഈനുദ്ദീന്റെ ഒരു കറാമത്ത് മൂലം ആ നാട്ടിലെ അനേകായിരം ജനങ്ങൾ മാത്രമല്ല, മുലപ്പാൽ കിട്ടാതെ കുഞ്ഞുങ്ങൾ വരെ കഷ്ടപ്പെട്ടിരിക്കുമല്ലോ.യുദ്ധങ്ങളിൽ പോലും സ്ത്രീകളെയും കുട്ടികളെയും ദ്രോഹിക്കരുതെന്ന് പഠിപ്പിച്ച മഹാനാണ് റസൂൽ(സ). റസൂൽ(സ)യുടെ ജീവിതകാലത്ത് തിരുമേനിയിലൂടെ നിരവധി മുഅ്ജിസത്തുകൾ പ്രകടമായിട്ടുണ്ടെങ്കിലും ആ മുഅ്ജിസത്തുകൾകൊണ്ട് സ്ത്രീകളെയോ കുട്ടികളേയോ ദ്രോഹിച്ചതായി നബിതിരുമേനിയുടെ ചരിത്രത്തിൽ കാണുകയില്ല. മാത്രവുമല്ല, മക്കയിലെ പീഢനം സഹിക്കവയ്യാതെ ത്വാഇഫിലെത്തിയ നബി(സ)യെ തെരുവുകുട്ടികളെ വിട്ട് കൂകിവിളിപ്പിക്കുകയും കല്ലെറിയുകയും ചെയ്ത്കൊണ്ട് അന്നത്തെ ഇസ്‌ലാമിന്റെ ശത്രുക്കൾ അതികഠിനമായി ദ്രോഹിക്കുകയുണ്ടായി. പീഢനമേറ്റ് തളർന്നിരിക്കുന്ന നബിതിരുമേനിയുടെ സമീപത്ത് ജിബ്രീൽ(അ) പ്രത്യക്ഷപ്പെടുകയും 'അങ്ങൊന്ന് സമ്മതം മൂളിയാൽഈ ജനതയെമുഴുവനും നശിപ്പിക്കാമെന്ന്' പറയുകയും ചെയ്തു. പക്ഷെ ആ ജനതയോട് പ്രതികാരം ചെയ്യാൻ തിരുമേനി തയ്യാറായില്ല. മറിച്ച് ''അല്ലാഹുവേ, ഈ ജനത വിവരമില്ലാത്തവരാണ്, അവർക്ക് നീ പൊറുത്ത് കൊടുക്കണേ'' എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ് ചെയ്തത്. കുളത്തിൽ നിന്നും വെള്ളം വിലക്കിയതിന്റെ പേരിൽ ഒരു പ്രദേശത്തെ കിണറുകളിലേയും കുളങ്ങളിലെയും പുഴകളിലേയും ആ നാട്ടിലെ സ്ത്രീകളുടെ മുലപ്പാൽ പോലും വറ്റിച്ച്കളഞ്ഞ ഖാജാ മുഈനുദ്ദീനും മുത്ത്നബിയും തമ്മിൽ എന്ത് ബന്ധമെന്ന് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ.

അജ്മീറിൽ തന്നെ സ്ഥിരം താവളമാക്കുകയാണ് മുഈനുദ്ദീനും ശിഷ്യൻമാരും ചെയ്തത്. അമ്പത് വയസ്സ്വരെയും മുഈനുദ്ദീൻ വിവാഹമൊന്നും കഴിച്ചില്ല. അമ്പതാമത്തെ വയസ്സിൽ മുഈനുദ്ദീൻ വിവാഹം കഴിച്ചത് അജ്മീറിലെ ഗവർണറായിരുന്ന വജിഹുദ്ദീൻ മശ്ഹദിയുടെ മകളെയായിരുന്നു. ഈ ഭാര്യയിൽ ഉണ്ടായ ആദ്യമകനായ ഖാജാമുഹിദ്ദീൻ  പതിനാലാം വയസിൽ നാട് വിട്ട് പോയിട്ട് പിന്നീട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് മുരീദുമാർ വിശ്വസിക്കുന്ന മുഈനുദ്ദീന് സ്വന്തം മകൻ നാട്വിട്ട് പോയതുപോലും കണ്ടുപിടിക്കാൻ പറ്റിയില്ല എന്നത് മറ്റൊരു രകസരമായ വൈരുദ്ധ്യം.

96–ാം വയസ്സിൽ മുഈനുദ്ദീൻ മരണപ്പെട്ടു. മുഈനുദ്ദീൻ ജീവിതത്തിൽ സ്ഥിരമായി പ്രാർത്ഥിച്ചിരുന്നത് ''അല്ലാഹുവേ, എനിക്ക് നീ വേദനയും ക്ലേശവും നൽകണേ'' എന്നായിരുന്നത്രെ. ഇയാളുടെ ജീവിതം റസൂലുല്ലാഹിയുടെ ജീവിതം പോലെയായിരുന്നുവെന്നും ജീവിത ചരിത്രത്തിൽ ഖുബൂരികൾ തട്ടിവിടുന്നുണ്ട്. പക്ഷെ റസൂൽ(സ) ദുരിതങ്ങളും പ്രയാസങ്ങളും നീങ്ങാൻ വേണ്ടിയല്ലാതെ അതുണ്ടാവാൻ വേണ്ടി ഒരിക്കൽപോലും പ്രാർത്ഥിച്ചതായി ഹദീസുകളിൽ കാണുന്നില്ല.

ദീനേ ഇലാഹി എന്ന സ്വന്തമായൊരു മതമുണ്ടാക്കി ഇസ്‌ലാമിനെ പരിഹസിച്ചിരുന്ന അക്ബർ ചക്രവർത്തിപോലും മുഈനുദ്ദീന്റെ ദർഗ സന്ദർശിച്ചിരുന്നു. ദർഗയുടെ സമീപത്തായി അക്ബരി മസ്ജിദ് എന്നപേരിൽ അക്ബറുണ്ടാക്കിയ ഒരു പള്ളിയും നില കൊള്ളുന്നുണ്ട്. അക്ബറും ഇസ്‌ലാമും തമ്മിലുള്ള ബന്ധം വട്ടപ്പൂജ്യമായിരുന്നു. ആ അക്ബർ മുഈനുദ്ദീന്റെ ദർഗയിൽ വന്ന് സലാം പറഞ്ഞപ്പോൾ  മുഈനുദ്ദീൻ ഖബ്റിൽ നിന്നും സലാം മടക്കി എന്ന് ഇയാളുടെ കറാമത്തായി പറയപ്പെടുന്നു.

ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ശിർക്ക് പ്രചാരണ വിപണന കേന്ദ്രമാണ് അജ്മീർ . അവിടെ നടക്കാത്ത പേക്കൂത്തുകളില്ല. പൂവുകൾകൊണ്ടുള്ള പൂജ നടത്തുന്ന സ്ഥലമാണ് അജ്മീർ ദർഗ. നൂറുരൂപമുതൽ അയ്യായിരം രൂപവരെയുള്ള പൂക്കൊട്ടകൾ തലയിലേറ്റി ദർഗയെ ത്വവാഫ്ചെയ്യുന്ന രംഗം അജ്മീറിൽ കാണാം. പൂവുകൾ അർപ്പിച്ച് ഖബ്റിനെ ആദരിക്കുന്ന സമ്പ്രദായത്തിന് ഏത് ഹദീസിലാണ് ഈ ഖുബൂരികൾക്ക് തെളിവുള്ളത്? ''ഇതെല്ലാം നടക്കുന്നത് അജ്മീറിലല്ലേ, അതും ഞങ്ങളും തമ്മിൽ എന്തുബന്ധം?'' എന്ന് ചോദിച്ച് ഏതെങ്കിലും ഖുറാഫികൾ ഇതിനെ തള്ളാൻ ഒരുങ്ങുന്നുവെങ്കിൽ അവരറിയണം, ഇത്തരം കൊടും ശിർക്കിനെയും കേരളാഖബറാരാധക മൊല്ലമാരിൽ വമ്പനും മുമ്പനുമായ പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ എന്ന ശിർക്ക് പ്രചാരകൻ വളരെ വിദഗ്ധമായി ന്യായീകരിച്ചിട്ടുണ്ട് (പൊൻമളയുടെ ഖബ്ർ സിയാറത്ത് എന്ന സി.ഡിയിൽ ഇത് കാണാം) അതിനുപുറമെ ശയനപ്രദക്ഷിണവും. ഖബ്റുമായി ബന്ധപ്പെട്ട് എന്തൊക്കെ റസൂൽ നിരോധിച്ചോ അതൊക്കെ അജ്മീറിൽ ഭംഗിയായി നടക്കുന്നുണ്ട്. അറിയപ്പെട്ട സിനിമാ നടിയും മോഡലുമായ കത്രീനകൈഫിന്റെ അജ്മീർ ദർഗാസന്ദർശനം വലിയ വവാദമായിരുന്നല്ലോ. കത്രീന കൈഫ് മാത്രമല്ല, ഒരുവിധം സിനിമാ നടന്മാരും നടിമാരുമൊക്കെ ഇത്തരം ദർഗ്ഗകളിലെ സന്ദർശകരാണ്. എന്നാൽ മറ്റെല്ലാ ഖബറാരാധകരെയും ഹൈന്ദവരെയും പോലെയുള്ള ഒരു ദർഗസന്ദർശനമായിരുന്നില്ല കത്രീന കൈഫിന്റെത്. മറിച്ച്, ഈ നടി അഭിനയിക്കുന്ന 'നമസ്തേ ലണ്ടൻ' എന്ന പുതിയ സിനിമയുടെ ഒരു ഭാഗം ഷൂട്ട് ചെയ്തത് അജ്മീർ ദർഗ്ഗയിൽ വെച്ചാണ്. ലണ്ടനിൽനിന്നും നാട്ടിലെത്തുന്ന സിനിമയിലെ നായികാകഥാപാത്രം മുഈനുദ്ദീന്റെ ദർഗയിൽ പ്രാർത്ഥിക്കുന്ന ഒരു സീനാണ് ഇവിടെ വെച്ച് ചിത്രീകരിച്ചത്. അവിടെയുള്ള ചില പണ്ഡിതൻമാർ ഇതിനെതിരെ രംഗത്തെത്തിയതോടെയാണ് വിവാദം തുടങ്ങുന്നത്. പക്ഷെ രസകരമായ കാര്യം, ഇവിടെ സിനിമ ഷൂട്ട് ചെയ്തതിനെയല്ല ഈ പണ്ഡിതൻമാർ എതിർത്തത് എന്നാണ്. മറിച്ച്, കത്രീനാ കൈഫ് നഗ്നത മറക്കാതെ ഇവിടെ പ്രവേശിച്ചു എന്നതാണ് ഈ പണ്ഡിത ശിഖണ്ഡികളെ ചൊടിപ്പിച്ചത്. ഈ എതിർപ്പിൽ സിനിമയുടെ സംവിധായകനായ വിപുൽഷായും നടി കത്രീനയും അൽഭുതം കൂറുന്നു. കാരണം, ഷൂട്ടിംഗ് നടന്ന മുഴുവൻ സമയവും ദർഗാഭാരവാഹികൾ തങ്ങളോടൊപ്പം ഉണ്ടായിരുന്നുവെന്നും അവരാരും ഒരു എതിർപ്പും പറഞ്ഞിട്ടില്ലെന്നും ഇവർ വാദിക്കുന്നു. മാത്രവുമല്ല കത്രീനയുടെ തലയിൽ തൂവാല കെട്ടിയത് പോലും ദർഗാഭാരവാഹികളായിരുന്നുവെന്നും സംവിധായകൻ വിപുൽഷാ പറയുന്നു (2006 ഒക്ടോബർ 6ലെ മാതൃഭൂമി ദിനപത്രം നോക്കുക) ഏതായാലും ഈ വിഷയം ആഗോളമു

ഫ്തിയായ പൊന്മളക്കാരന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നു തോന്നുന്നു. പെട്ടിരുന്നുവെങ്കിൽ തുർക്കിയിൽനിന്നോ ഈജീപ്തിൽനിന്നോ ഏതെങ്കിലും പാളക്കിതാബുകൾ വരുത്തി അതിനുമുന്നിൽ അടയിരുന്ന് ദർഗയിൽ സിനിമ ഷൂട്ട് ചെയ്യുന്നതിനും തെളിവ് ഉണ്ടാക്കിയേനെ ഈ 'ആലിമുൽ അല്ലാമ'. ഇന്ന് ദർഗകളിൽ നടക്കുന്ന ഏതെങ്കിലും കാര്യങ്ങൾ തൗഹീദിന് വിരുദ്ധമാണെന്ന് പറഞ്ഞ് അതിനെതിരെ പ്രതികരിക്കാൻ കേരളത്തിലെ ഖബറാരാധകരായ പണ്ഡിതൻമാരിൽ ഒരുത്തനും തയ്യാറായിട്ടില്ല എന്നത് ഇത്തരം പേക്കൂത്തുകൾക്ക് നേതൃത്വം കൊടുക്കുന്നവർക്ക് ആവേശമായി മാറുന്നു എന്നതാണ് വസ്തുത. കേരളത്തിലെ സമസ്ത ഖബറാരാധകരുടെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ് അജ്മീർ. ജനങ്ങളെ ഒരുമിച്ചുകൂട്ടി സിയാറത്ത് ടൂർ നടത്തുന്ന മുസ്ലിയാക്കൻമാർ ഇവിടെയുള്ള പാമരവിശ്വാസികളെ വലിച്ച് കൊണ്ട് പോകുന്നത് അജ്മീറിൽ നടക്കുന്ന ശിർക്കൻ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനാണ്. ഇത്തരം മുസ്ലിയാക്കളുടെ ശർറിൽ നിന്നും അല്ലാഹു മുസ്ലിംകളെ കാത്ത് രക്ഷിക്കട്ടെ.